# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 698* 2.11.2011 ൽ മറുപടിക്ക്

**ക്വാളിറ്റി കൺട്രോൾ വിഭാഗം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ<br>,, എളമരം കരീം<br>,, എം. ഹംസ<br>,, സി. കൃഷ്ണൻ | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ഫലപ്രദമാണോ; വകുപ്പിന് സ്വന്തമായി ഒരു പരിശോധനാവിഭാഗം ഏർപ്പെടുത്താനുദ്ദേശമുണ്ടോ ; | (എ). വേണ്ടത്ര ഫലപ്രദമല്ല. മെച്ചപ്പെട്ട സംവിധാനങ്ങളോടുകൂടി പരിശോധനാ വിഭാഗം കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും ഇപ്പോൾ കഴിയുന്നുണ്ടോ ; വിശദമാക്കാമോ ? | (ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും ഇപ്പോൾ പൂർണ്ണമായും കഴിയുന്നില്ല. ആവശ്യമുള്ള തസ്തികകളുടെ അഭാവമാണ് ഇതിന് കാരണം. പൂർണ്ണതോതിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതോടെ പ്രശ്ന പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ